**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2294** **11-10-2021 - ൽ മറുപടിയ്ക്ക്**

**വയനാട് ജില്ലയിൽ ജനമൈത്രി എക്സൈസ് വഴി നടപ്പിലാക്കുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു | | Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | വയനാട് ജില്ലയിൽ ജനമൈത്രി എക്സൈസ് വഴി നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ വ്യക്തമാക്കാമോ? | (എ) | വയനാട് ജില്ലയിൽ ജനമൈത്രി എക്സൈസ് സ്ക്വാഡ് ആദിവാസി കോളനികൾ സന്ദർശിച്ചും, സ്കൂൾ/കോളേജ് തലങ്ങളിലും ബോധവൽക്കരണ പരിപാടികൾ നടത്തി ലഹരി ഉപയോഗിക്കുന്നവരെയും ലഹരിക്കടിമപ്പെട്ടവരെയും കണ്ടെത്തി ഡി-അഡിക്ഷൻ സെന്ററിൽ എത്തിച്ച് ചികിത്സക്ക് വിധേയരാക്കി വരുന്നു. ആദിവാസി വിഭാഗത്തിൽപ്പെട്ട ആളുകളെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുന്നതിനു വേണ്ടി 'ഗോത്ര കിരണം' എന്ന പേരിൽ പി.എസ്.സി പരീക്ഷ പരിശീലന പരിപാടികൾ നടത്തി വരുന്നു. വിമുക്തിയുടെ ഭാഗമായി മദ്യം, മയക്കുമരുന്ന് മറ്റ് ലഹരി വസ്തുക്കൾ എന്നിവയുടെ വിൽപ്പനയെയും മറ്റുമുള്ള വിവരശേഖരണം നടത്തി അവയ്ക്കെതിരെ ശക്തമായ നടപടി സ്വീകരിച്ചുവരുന്നുണ്ട്. മദ്യവും മയക്കുമരുന്നും ഉപയോഗിക്കുന്നവരെ, പ്രത്യേകിച്ച് 18 വയസ്സിന് താഴെ പ്രായമുള്ളവരെ കണ്ടെത്തി അവർക്ക് കൗൺസിലിംഗ് നടത്തി വരികയും ചികിത്സ ആവശ്യമുള്ളവർക്ക് അതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു. ആരോഗ്യ വകുപ്പുമായി സഹകരിച്ച് വിദഗ്ദ്ധ ഡോക്ടർമാരുടെ സഹകരണത്തോടെ കോളനി നിവാസികൾക്കായി മെഡിക്കൽ ക്യാമ്പും ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസും സംഘടിപ്പിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ